മാർ നൽകി അവർ കടകളിൽ നിന്ന് അരി ഒന്നിച്ചു വാങ്ങി കരിഞ്ചന്തയിൽ വിൽക്കുകയാണെന്നുള്ള കാര്യത്തെപ്പറ്റി വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ നടപടികൾ എടുക്കാമോ;

(ബി) റൈസ് കൂപ്പണുകൾ പണിസ്ഥലത്തുവെച്ച് ദിവസേന പണിക്കാർക്ക് വി. ഇ. ഒ. മാർ മുഖാന്തിരം വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇങ്ങനെയുള്ള പരാതികളൊന്നും ഗവൺമെൻറിനു ലഭിച്ചിട്ടില്ല. ആയതിനാൽ വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിക്കുന്ന കാര്യം ഉദിക്കുന്നില്ല.

(ബി) 1984 സെപ്റ്റംബർ 13-ാം തിയ്യതിയിലെ ഗവൺമെൻറ് ഉത്തരവ് (എം. എസ്.) 49/84/ഡിഡി യിൽ പതിനഞ്ചാം ഖണ്ഡികയിൽ ഇതേ നിർദ്ദേശം തന്നെ നൽകിയിട്ടുണ്ട്. ആയതിനാൽ ഇനി ഒരു നടപടിയും ഇതിൻമേൽ ആവശ്യമില്ല.

മലയോര പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന

298 [616] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്കുകൾക്ക് എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ ഇനങ്ങളിൽ പണം അനുവദിക്കുമ്പോൾ സ്ഥലത്തിൻറെ പ്രത്യേകതകൂടി കണക്കിലെടുത്ത് പണം അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ബി) പെരുങ്കടവിള ബ്ലോക്കിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഭരണാനുമതി കൊടുത്തു തുടങ്ങിവെച്ച ജോലികൾ പൂർത്തിയാകാത്തതു നിമിത്തം ആളുകൾക്കുണ്ടായികൊണ്ടിരിക്കുന്ന അസൗകര്യം കണക്കിലെടുത്ത് പ്രസ്തുത ജോലികൾ അടിയന്തിരമായി ചെയ്തുതീർക്കുന്നതിനും പണം വരുന്ന മുറയ്ക്കു കൊടുക്കുന്നതിനും വേണ്ടനടപടി സ്വീകരിക്കുമോ;

(സി) പെരുങ്കടവിള ബ്ലോക്കിൻറെ അധികാര പരിധിയിൽ മലയോര പ്രദേശങ്ങൾ ഉണ്ടെന്നുള്ള വസ്തുത കണക്കിലെടുത്ത് വികസന പ്രവർത്തനത്തിന് കൂടുതൽ തുക അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എൽ. ആർ. ഇ. പി, ആർ. എൻ. ഇ. ജി. പി. പദ്ധതികളുടെ മാർഗ്ഗ രേഖാനുസൃതമായി 75% കർഷകത്തൊഴിലാളികളുടെയും നാമമാത്ര കർഷകരുടെയും 25% പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും ജനസംഖ്യാനുപാതമായിട്ടാണ് തുക അനുവദിക്കുന്നത്.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കൂടുതൽ തുക അനുവദിക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly